# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2255 | 20.6.2012-ലെ മറുപടിക്ക് |
|---|---|

### ഉഴവൂരിലെ കെ.ആർ. നാരായണൻ മെമ്മോറിയൽ ആശുപത്രി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ഉഴവൂരിലെ കെ.ആർ. നാരായണൻ മെമ്മോറിയൽ ആശുപത്രിയുടെ ഒന്നാം ഘട്ട പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | എ) ഉണ്ട്. ഒന്നാം ഘട്ട പ്രവർത്തനം ഏറെക്കുറെ പൂർത്തിയാക്കിയിട്ടുണ്ട്. ഇൻഫ്രാസ്ട്രച്ചർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) രണ്ടാംഘട്ടപ്രവർത്തനം സപ്തധാരാപദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; | 31.3.2012 -ലെ G.O.(Rt)No.1173/2012/H&FWD പ്രകാരം രണ്ടാംഘട്ട നിർമ്മാണത്തിന് 10.30 കോടി രൂപയുടെ ഭരണപരമായ അംഗീകാരം 4210-01-110-71 എന്ന ശീർഷകത്തിൽ നൽകിയിട്ടുണ്ട്. |
| സി) ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിവരിക്കുമോ? | സി) 17.01.2006 -ലെ G.O.(Rt)No. 13/2006/H&FWD പ്രകാരം ഉഴവൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ മുൻപ്രസിഡന്റായ ശ്രീ.കെ.ആർ. നാരായണന്റെ സ്മരണാർത്ഥം സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുകയുണ്ടായി. 27.2.2006 -ലെ G.O.(Rt)No. 685/2006/H&FWD പ്രകാരം സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 275 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നല്കി. 30.3.2007 -ലെ G.O.(Rt)No.1175/2007/H&FWD പ്രകാരം കേരള ഹെൽത്ത് റിസർച്ച് വെൽഫയർ സൊസൈറ്റിയെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചുമതലപ്പെടുത്തി ഉത്തരവായി. 28.9.2007 -ലെ G.O.(Rt)No.3369/2007/H&FWD പ്രകാരം പഴയ ആശുപത്രി കെട്ടിടം പൊളിച്ച് മാറ്റുന്നതിന് സർക്കാർ ഉത്തരവായി. ഇതേ തുടർന്ന് ആശുപത്രി ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തിൽ താത്ക്കാലികമായി വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. |

| | |
|---|---|
| | ഒന്നാംഘട്ട പ്രവർത്തനം പൂർത്തിയായി. ഉപകരണങ്ങളും മറ്റുള്ള സാധന സാമഗ്രികളും വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 31.3.2012 -ലെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനത്തിൽ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സമയബന്ധിതമായി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ